## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
## ജലസേചനവും ഭരണവും, തിരുവനന്തപുരം.

(ഹാജർ: വി.കെ. മഹാനുദേവൻ)

വിഷയം:- ജലസേചനം- ജീവനക്കാര്യം-ശ്രീ. മനോജ്കുമാർ.എൻ, ക്ലർക്ക് - ശൂന്യ വേതനാവധിക്ക് ശേഷം ജോലിയിൽ പ്രവേശിക്കുന്നത് - സംബന്ധിച്ച്:

പരാമർശം:- 1. 28.2.2013-ലെ (ആർ.റ്റി) നം: 212/2013/ഡബ്ലിയു.ആർ.ഡി-ാം നമ്പർ സർക്കാർ ഉത്തരവ്.
2. 16.3.2017-ൽ ശ്രീ. മനോജ്കുമാർ.എൻ അപേക്ഷ.

### ഉത്തരവ് നമ്പർ ബി3-8604/2017 തീയതി 21.03.2017.

ശ്രീ. മനോജ്കുമാർ.എൻ, എൽ.ഡി. ക്ലർക്കിന് പരാമർശം (1) പ്രകാരം 16.3.2012 മുതൽ 15.3.2017 വരെ 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശൂന്യവേതനാവധി 15.3.2017-നു അവസാനിച്ചതിനാൽ പരാമർശം (2) പ്രകാരം ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നു.

ടിയാൻ പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ കെ.പി.ഐ.പി ഡിവിഷൻ നം: 1 ഓഫീസിലിരിക്കെ ആണ് അവധിയിൽ പ്രവേശിച്ചത്. എന്നാൽ നിലവിൽ പാലക്കാട് ജില്ലയിൽ ഒഴിവ് ഇല്ലാത്തതിനാൽ, ടിയാനെ മലപ്പുറം, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിൽ റീപോസ്റ്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ടിയാന്റെ എ.ഡി. ക്ലർക്കിലെ സീനിയോരിറ്റി പാലക്കാട് ജില്ലയിലാണ് ക്രമീകരിക്കേണ്ടത്. പാലക്കാട് ജില്ലയിൽ ആദ്യം വരുന്ന ഒഴിവിൽ ടിയാനെ മാറ്റി നിയമിക്കുന്നതും, പ്രസ്തുത വിവരം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

ശ്രീ. മനോജ്കുമാർ.എൻ, ക്ലർക്ക്.

പകർപ്പ്:- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, മലപ്പുറം.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(ഇറിഗേഷൻ)